# ദൈവാനുഭവം അവകാശമോ?

ഫാ. സേവ്യർഖാൻ വട്ടായിൽ

വർഷങ്ങളായി ദൈവവേല ചെയ്യുകയും ബൈബിൾ വായിക്കുകയും പ്രാർഥിക്കുകയും കർത്താവിനു വേി കാത്തിരിക്കുകയും ചെയ്യുന്ന അനേകരുടെ മനസിൽ ദൈവാനുഭവം കിട്ടുന്നില്ലായെന്ന ഒരു വേദന തളം കെട്ടികിടക്കുന്നുണ്ട്. ഒത്തിരിയേറെ പ്രാർഥിച്ചിട്ടും ധ്യാനിച്ചിട്ടും ഒരു അഭിഷേകവും ലഭിക്കുന്നില്ല. കള്ളുകുടിച്ചു വഴിയിൽ കിടന്നും അധഃപതിച്ചും കഴിഞ്ഞവർ ദൈവവഴിയിൽ വരുമ്പോൾ അവർക്കു പെട്ടെന്നു ദൈവാനുഭവം കിട്ടുന്നു. ദൈവവഴിയിലൂടെ വിശ്വസ്തയോടെ നടന്നവരും വർഷങ്ങളായി ദൈവത്തെ ആരാധിക്കുന്നവരും പ്രാർഥനയാൽ വിശുദ്ധീകരിക്കപ്പെട്ടവരുമായവരുമാണ് ഇങ്ങനെ നിരാശയുടെ ചിന്തയിൽ കഴിയുന്നത്. ജോബിന്റെ പുസ്തകത്തിൽ ജോബും ഈ വേദന പങ്കുവെയ്ക്കുന്നു. 'ഇതാ കർത്താവ് കടന്നുപോകുന്നു. ഞാൻ അവിടുത്തെ കാണുന്നില്ല. ഇതാ..അവിടുന്ന് നടന്നു നീങ്ങുന്നു, ഞാൻ അവിടുത്തെ അറിയുന്നില്ലല്ലോ?' (ജോബ്:911).

ദൈവമക്കളെ, ഇത് പിശാചിന്റെ തട്ടിപ്പാണ്. പ്രാർഥനയ്ക്കെതിരെ പിശാച് നൽകുന്ന കഠിനമായ പ്രലോഭനമാണിത്. ദീർഘകാലം ദൈവവഴിയിലൂടെ നടന്നുകഴിയുമ്പോൾ ദൈവവേലയിലായിരിക്കുന്നവർക്കായി വിശ്വാസ ജീവിതത്തിൽ മുന്നേറുന്നവർക്കു നേരിടുന്ന പൈശാചിക പീഡയാണിത്. വിശ്വാസം ഉള്ളവർക്കാണ് വിശ്വാസത്തിനെതിരെയുള്ള പ്രലോഭനം ഉണ്ടാകുന്നത്. പ്രാർഥിക്കുന്നവർക്കാണ് പ്രാർഥനയ്ക്കെതിരെയുള്ള പ്രലോഭനം നേരിടുന്നത്.

നമ്മുടെ ജീവിതത്തിൽ പ്രാർഥനയുടെ അനുഭവം തരണമെന്നു പറയാൻ നമുക്ക് അവകാശമില്ല. പ്രാർഥനയുടെ തോതനുസരിച്ചല്ല നമുക്ക് അനുഭവം കിട്ടുന്നത്. നമ്മുടെ വിശുദ്ധിക്കനുസരിച്ചല്ല, ദൈവാനുഭവം ലഭിക്കുന്നത്. ദൈവത്തിന്റെ അനന്തജ്ഞാനത്തിൽ ദൈവം തന്റെ ദാസർക്കു പരിപൂർണമായി തരുന്ന ദാനമാണ് ദൈവാനുഭവം. അത് നമ്മുടെ അവകാശമല്ല, ദൈവദാനമാണ്. ധാന്യം വിതറിയപ്പോൾ കാക്കകൾ മുറ്റത്തേക്കു വരുന്നതുപോലെയും ചക്കമടൽ കാണിക്കുമ്പോൾ പശുക്കുട്ടി ഓടിയെത്തുന്നതുപോലെയുമല്ല ദൈവം മനുഷ്യനു അനുഗ്രഹം വർഷിക്കുന്നത്. ഇതുപോലെയാണ് ദൈവാനുഭവമെന്നു ചിന്തിക്കരുത്. ഞാൻ പ്രാർഥിക്കു മ്പോഴേയ്ക്കും എനിക്കു ദൈവാനുഭവം കിട്ടണമെന്നു വാശിപിടിക്കരുത്. ദൈവത്തിന്റെ സമയത്തിൽ ദൈവം അത് ദൈവമക്കൾക്കു അഭിഷേകമായി തരിക തന്നെ ചെയ്യും. ദൈവവചനം പറയുന്നു..ദൈവത്തിന്റെ പൈതൽ ജീവിക്കുന്നത് അനുഭവത്തിന്റെ ബലത്തിലല്ല, വിശ്വാസത്തിന്റെ ശക്തിയാലാണ്. 'എന്റെ നീതിമാൻ വിശ്വാസം മൂലം ജീവിക്കും. അവൻ പിൻമാറുന്നെങ്കിൽ എന്റെ ആത്മാവ് അവനിൽ പ്രസാദിക്കുകയില്ല. (ഹെബ്രാ 10:38-39). ദീർഘകാലം മരുഭൂമിയുടെ അനുഭവമാണെങ്കിലും ദൈവത്തിന്റെ വാഗ്ദാനങ്ങളും കൽപ്പനകളും ഓർത്ത് നീതിമാൻ ജീവിക്കും. നീതിമാൻ വിശ്വസിച്ച് ആത്മരക്ഷ പ്രാപിക്കുമെന്ന് കർത്താവ് പഠിപ്പിക്കുന്നു.

ഒരു പാട് ആത്മീയ വഴികളിലൂടെ നടന്നു കഴിയുമ്പോൾ അവരെ പീഡിപ്പിക്കുവാൻ പിശാച് ഒരുക്കുന്ന കെണിയാണ് വിശ്വാസത്തിനെതിരെയുള്ള ചിന്തകൾ. ഇത്രയേറെ സുവിശേഷ വേല ചെയ്തിട്ടും ദൈവീക വഴിയിലായിട്ടും പ്രാർഥന ഗ്രൂപ്പിൽ പ്രവർത്തിച്ചിട്ടും ദൈവാനുഭവം കിട്ടിയില്ലെന്നു ഇനി പരാതിപ്പെടേ. തിന്മ ഉപേക്ഷിച്ച് ദൈവവേലയിൽ വരുന്നവർ അനുഗ്രഹം പ്രാപിക്കുന്നതു കണ്ട് അസ്വസ്ഥരാകരുത്. അനുഭവമില്ലെങ്കിലും ദൈവത്തെയോർത്ത് നീതിമാൻ ജീവിക്കുമെന്നും ദൈവം ഉറപ്പിക്കുന്നു. ദൈവത്തിന്റെ മക്കളോടു പരിശുദ്ധാത്മാവ് പറയുന്ന ദൂതാണിത്. 'പരിഭ്രമിക്കരുത്. അത് തിന്മയിലേക്കു മാത്രമേ നയിക്കൂ...കർത്താവിന്റെ മുമ്പിൽ സ്വസ്ഥമായിരിക്കുക. ക്ഷമാപൂർവം അവിടുത്തെ കാത്തിരിക്കുക.' (സങ്കീ 37:78).

എനിക്കു അനുഭവമില്ലെങ്കിലും എന്റെ കർത്താവിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിച്ച് കർത്താവിന്റെ വഴിയിൽ നടക്കുമെന്നു ഉറപ്പിക്കണം. അങ്ങനെ പൈശാചിക പീഡകളെ തകർത്തുകളയണം. ബൈബിൾ വായിച്ചും വചനം കേട്ടും സ്തുതിച്ചു പാടിയും ദിവ്യബലിയർപ്പിച്ചും പിശാചിന്റെ കൂരമ്പുകളെ എതിർക്കണം. ആയുഷ്കാലം മുഴുവൻ ആത്മീയ ജീവിതം ക്രമപ്പെടുത്തി മുന്നേറണം. അനുഭവമില്ലെങ്കിലും ദൈവവചനം കൊണ്ടു ഇങ്ങനെ ദൈവത്തോടു ചേർന്നു നിന്നു പിശാചിന്റെ കെണികളെ തകർത്തു കളയണം.

പരിശ്രമിച്ചുവെന്ന ഒറ്റ കാരണത്താൽ നമുക്ക് ദൈവാനുഭവം ലഭിക്കണമെന്നില്ലെന്നാണ് ദൈവാനുഭവത്തെ കുറിച്ച് പണ്ഡിതർ പറയുന്നത്. എന്നാൽ പരിശ്രമിക്കാതിരുന്നാൽ അത് ഒരിക്കലും കിട്ടുകയുമില്ല. അതുകൊണ്ട് പരിശ്രമം ഉപേക്ഷിക്കരുത്. മടുപ്പുകൂടാതെ കർത്താവിനുവേി കാത്തിരിക്കുക. നിങ്ങൾക്കു ലഭിക്കും. വചനം പറയുന്നു. 'മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാത്തിന്റെയും അടിസ്ഥാനം.'(റോമ 9:16). ഇത്രയും കാലം പ്രാർഥിച്ചിട്ടും എനിക്കു ഒരു അനുഭവം കിട്ടിയില്ല. ഇനി ഇതൊക്കെ നിർത്താൻ പോകുകയാണ്.ഇങ്ങനെ ചിന്തിക്കരുത്. അനുഭവമുണ്ടായില്ലെന്നു ചിന്തിച്ച് ദൈവവേല ഉപേക്ഷിക്കരുത്.

ജീവിതത്തിൽ ഇടയ്ക്കിടക്കു ലഭിക്കുന്ന അനുഭവമല്ലാതെ സദാസമയവും ദൈവാനുഭവത്തിന്റെ പിൻബലത്തിലല്ല ദൈവദാസരും അപ്പസ്തോലരും ദൈവവേല ചെയ്തവരും പ്രവർത്തിച്ചതെന്നു ഓർമിക്കണം. ഒരിക്കലുണ്ടായ ഒരു അനുഭവത്തിന്റെ വെളിച്ചത്തിലാണ് പ്രാർഥിച്ച് അവർ മുന്നേറിയത്. പ്രസവമടുക്കുമ്പോൾ ഗർഭിണി വേദനിച്ച് കരയുന്നതുപോലെ ദൈവാനുഭവത്തിനായി കരഞ്ഞു പ്രാർഥിക്കണമെന്നു ഏശയ്യ പ്രവാചകൻ പറയുന്നു. (ഏശയ്യ 26.17).

അതിനാൽ വിശ്വസിക്കുക. ഇത്രകാലം പ്രാർഥിച്ചിട്ടും അനുഭവം കിട്ടിയില്ലെന്ന പരാതി മാറ്റിവെക്കുക. കർത്താവിനു ഒരു സമയമുണ്ട്. തക്കസമയത്ത് അവിടുത്തെ പദ്ധതി പ്രകാരം തന്റെ നന്മകളാൽ കർത്താവ് നമ്മെ നിറയ്ക്കും. നാം ഉറച്ചുനിൽക്കുമെങ്കിൽ അവനോടുകൂടി വാഴും. കർത്താവിന്റെ കരത്തിൽ കീഴിൽ താഴ്മയോടുകൂടി നിൽക്കുക. അവിടുന്ന് തക്കസമയത്ത് നമ്മെ ഉയർത്തും.